# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിലും ദാമനിലും നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. വഡോദര-മുംബൈ എക്സ്പ്രസ് വേ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും

**Prime Minister Narendra Modi will inaugurate and launch several development projects in Gujarat and Daman today. He will dedicate the Vadodara–Mumbai Expressway to the nation**

2) പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ പണനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 5.25 ശതമാനമായി തുടരും.

**The Reserve Bank of India has announced its bi-monthly monetary policy, keeping interest rates unchanged. The repo rate will remain at 5.25 per cent.**

3) ലോക പരിസ്ഥിതി ദിനത്തിൽ ആശംസകൾ നേർന്ന് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെ പ്രമുഖർ. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരളത്തിലും വിപുലമായ പരിപാടികൾ.

**The Vice President, the Prime Minister and other dignitaries have extended greetings on World Environment Day. Extensive programmes are being organised across Kerala to mark the occasion.**

4) വിദേശ നിക്ഷേപകർക്ക് സർക്കാർ സെക്യൂരിറ്റികളിൽ നിന്നുള്ള പലിശ വരുമാനത്തിനും മൂലധന നേട്ടത്തിനും നികുതി ഇളവ് പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ.

**Centre has granted tax exemption to Foreign Institutional Investors on capital gains and interest income arising from investments in government securities.**

5) ഒമാനിലെ മിന അൽ ഫഹൽ ക്രൂഡ് ഓയിൽ ടെർമിനലിന് സമീപം വൻ സ്ഫോടനം. ടെർമിനലിൽ നിന്നുള്ള എണ്ണക്കയറ്റുമതി നിർത്തിവച്ചു.

**Oman has suspended crude oil loading operations at its key Mina al Fahal export terminal following an explosion near its offshore loading facilities.**

6) സംസ്ഥാനത്ത് കാലവർഷം ശക്തി പ്രാപിക്കുന്നു. എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്

**The southwest monsoon is gaining strength in Kerala. Orange alert has been issued in eight districts today. Fishing has been banned along the Kerala–Karnataka–Lakshadweep coasts till Monday.**

## വാർത്തകൾ വിശദമായി.........

## PM – GUJARAT AND DAMAN

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിലും ദാമനിലും നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. സൂറത്തിൽ നടക്കുന്ന ചടങ്ങിൽ വഡോദര-മുംബൈ എട്ട് വരി എക്സ്പ്രസ് വേ അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. ദേശീയ പാത 56 നാല് വരിയാക്കുന്നതിൻറെ ശിലാസ്ഥാപനം ഉൾപ്പെടെ 18,800 കോടി രൂപയുടെ പദ്ധതികൾക്കാണ് അദ്ദേഹം ഗുജറാത്തിൽ തുടക്കം കുറിക്കുക. ദാമനിൽ, നമോ വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ, നമോ ആശുപത്രി എന്നിവ അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. ദാമനിലെ NIFT ക്യാമ്പസിൻറെ തറക്കല്ലിടൽ അടക്കം 2,970 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് അദ്ദേഹം തുടക്കം കുറിക്കുക. ലക്ഷദ്വീപുമായി ബന്ധപ്പെട്ട 885 കോടി രൂപയുടെ പദ്ധതികൾക്കും ചടങ്ങിൽ തുടക്കമാവും. കൽപ്പേനി, കടമത്ത് ദ്വീപുകളിലെ തുറമുഖ സൗകര്യങ്ങളുടെ വികസനം ഇതിൽ ഉൾപ്പെടുന്നു. 300 മീറ്റർ വരെ നീളമുള്ള ക്രൂയിസ് കപ്പലുകൾ ഉൾപ്പെടെ വലിയ യാത്രാ കപ്പലുകൾ വർഷം മുഴുവനും നങ്കൂരമിടാൻ സഹായിക്കുന്ന വിധത്തിലാണ് ഇവിടെ സംവിധാനമൊരുക്കുന്നത്

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## RBI MONETARY POLICY (INTRO)

പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ പണനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 5.25 ശതമാനമായി തുടരും. തുടർച്ചയായ രണ്ടാം തവണയാണ്, അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ മാറ്റം വരുത്താതെ ആർ ബി ഐ പണനയം

പ്രഖ്യാപിക്കുന്നത്. നടപ്പു സാമ്പത്തിക വർഷത്തിലെ ജിഡിപി വളർച്ചാ നിരക്ക് 6.9 ശതമാനത്തിൽ നിന്ന് 6.6 ശതമാനമായി കുറയുമെന്നും ആർ ബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 4.6 ൽ നിന്ന് 5.1 ശതമാനമായി ഉയരുമെന്നാണ് റിസർവ് ബാങ്ക് വിലയിരുത്തൽ.

(ഹോൾഡ്…..)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**DAY-PM ENVIRONMENT**

ലോക പരിസ്ഥിതി ദിനത്തിൽ ആശംസകൾ നേർന്ന് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെ പ്രമുഖർ. പരിസ്ഥിതി സംരക്ഷണത്തിലൂടെ, വരും തലമുറകൾക്കായി ആരോഗ്യകരമായ ഭാവി കെട്ടിപ്പടുക്കാൻ ഓരോ പൗരനും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ ആഹ്വാനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വളർച്ചയ്ക്കുമുള്ള പ്രതിബദ്ധത ഊട്ടി ഉറപ്പിക്കുന്ന ദിനമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഏക് പേഡ് മാ കേ നാം ഉൾപ്പെടെയുള്ള സംരംഭങ്ങൾ പ്രതിവർഷം 1.1 ലക്ഷത്തോളം ഹെക്ടർ വനവൽക്കരണം സാധ്യമാക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ഹരിത ഇന്ത്യയ്ക്കായി നാം പ്രതിജ്ഞ ചെയ്യണമെന്ന് കേന്ദ്ര പരിസ്ഥിതി സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് അഭ്യർത്ഥിച്ചു . കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, ശിവരാജ് സിംഗ് ചൗഹാൻ തുടങ്ങി നിരവധി പ്രമുഖർ ലോക പരിസ്ഥിതി ദിനത്തിൽ ആശംസകൾ നേർന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**FOREST DEPt. PROG. -SHIBU BABY JOHN (INTRO)**

കേരളത്തിലും ലോക പരിസ്ഥിതി ദിനത്തോടനബന്ധിച്ച് വിപുലമായ പരിപാടികൾ നടന്നു. വനംവകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച,

പരിസ്ഥിതി ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഷിബു ബേബി ജോൺ നിർവഹിച്ചു. വനമേഖലകൾക്ക് സമീപമുള്ള ഹൈവേകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ ദുരന്ത നിവാരണ നിയമ പ്രകാരം കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇത്തരം മേഖലകളിൽ നിരീക്ഷണത്തിനായി ക്യാമറകൾ സ്ഥാപിക്കുമെന്നും അദ്ദേഹം അറിയിച്ചു. . വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം കർശനമായി തടയാൻ പരിശോധന ഉറപ്പാക്കിയതായും ശ്രീ ഷിബു ബേബി ജോൺ വ്യക്തമാക്കി.

(വോയിസ്...)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## CENTRE – FOREIGN INVESTOR

വിദേശ നിക്ഷേപകർക്ക് സർക്കാർ സെക്യൂരിറ്റികളിൽ നിന്നുള്ള പലിശ വരുമാനത്തിനും മൂലധന നേട്ടത്തിനും നികുതി ഇളവ് പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ. ഈ വർഷം ഏപ്രിൽ 1 മുതൽ ഇളവ് ബാധകമാണെന്ന് ധനമന്ത്രാലയം അറിയിച്ചു. കൂടുതൽ വിദേശനിക്ഷേപം ആകർഷിക്കാൻ നീക്കത്തിലൂടെ സാധിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## CBSE – 12TH STUDENT

പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷകളുടെ വെരിഫിക്കേഷൻ ,പുനർമൂല്യ നിർണയം എന്നിവക്കായി പരാതി പരിഹാര പോർട്ടലിലൂടെ 70,000 അപേക്ഷകൾ ലഭിച്ചതായി സി ബി എസ് ഇ. മാർക്ക് വെരിഫിക്കേഷനുള്ള ഏഴായിരത്തി 314 അപേക്ഷകളും പുനർമൂല്യനിർണ്ണയത്തിനുള്ള 63,000-ത്തിലധികം അപേക്ഷകളുമാണ് ലഭിച്ചത് . ഉത്തരകടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ചൊവ്വാഴ്ചയാണ് സിബിഎസ്ഇ റിവാല്യുവേഷൻ പോർട്ടൽ ആരംഭിച്ചത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## CM- RL - HIGH COURT

സി എം ആർ എൽ- എക്സാലോജിക് പണമിടപാട് കേസിൽ ഇഡി അന്വേഷണം തുടരാമെന്ന് ഹൈകോടതി. അന്വേഷണം തടയണമെന്നാവശ്യപ്പെട്ട് സി എം ആർ എൽ ഹൈകോടതിയിൽ സമർപ്പിച്ച ഹർജി തള്ളി. കേസിൽ തുടർനടപടി വിലയിരുത്തുന്നതിനായി ഇ.ഡി ഡയറക്ടർ രാഹുൽ നവീൻറെ നേതൃത്വത്തിൽ കൊച്ചിയിൽ യോഗം ചേരുകയാണ്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## KARNATAKA-PORTFOLIO

കർണാടക ജലവിഭവ മന്ത്രി രാമലിംഗറെഡ്ഡി മന്ത്രി സ്ഥാനം രാജിവച്ചു. ബെംഗളൂരു വികസന വകുപ്പ് വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും, പകരം ജലവിഭവ വകുപ്പ് നൽകിയതിൽ പ്രതിഷേധിച്ചാണ് രാജി. നിയമസഭാംഗമായി പ്രവർത്തിക്കുമെന്നും കോൺഗ്രസ് പാർട്ടിയിൽ തുടരുമെന്നും അദ്ദേഹം ബംഗളുരുവിൽ മാധ്യമങ്ങളോട് പറഞ്ഞു. രാമലിംഗറെഡ്ഡിയുമായി വിഷയം ചർച്ച ചെയ്ത് പരിഹരിക്കുമെന്ന് മുഖ്യമന്ത്രി ഡി കെ ശിവകുമാർ വ്യക്തമാക്കി .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## BJP-ANNAMALAI

തമിഴ്നാട് ബിജെപി മുൻ അധ്യക്ഷൻ കെ അണ്ണാമലൈ പാർട്ടിയിൽ നിന്നും രാജി വച്ചു. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ രാജി അംഗീകരിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## RAIN- KERALA

സംസ്ഥാനത്ത് കാലവർഷം എത്തിയ പശ്ചാത്തലത്തിൽ
അതിശക്തമായ മഴയ്ക്ക് സാധ്യതെയന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

നാളെ 11 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ , മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർഅധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## OMAN-CRUDE OIL

മസ്കറ്റിലെ മിന അൽ ഫഹൽ ക്രൂഡ് ഓയിൽ കയറ്റുമതി ടെർമിനലിന് സമീപമുണ്ടായ വൻ സ്ഫോടനത്തെത്തുടർന്ന്, ഇവിടെ നിന്നുള്ള അസംസ്കൃത എണ്ണ കയറ്റുമതി നിർത്തിവെച്ച് ഒമാൻ. ഡ്രോൺ ആക്രമണമാണ് സ്ഫോടനത്തിന് കാരണമെന്ന് കരുതുന്നെങ്കിലും ഔദ്യോഗിക സ്ഥിരീകരണം വന്നിട്ടില്ല . ടാങ്കറുകളിലേക്ക് ക്രൂഡ് ഓയിൽ കയറ്റുന്ന ബെർത്തുകൾക്ക് സമീപമാണ് സ്ഫോടനം നടന്നത്. ഒമാൻറെ എണ്ണ കയറ്റുമതിയുടെ ഭൂരിഭാഗവും കൈകാര്യം ചെയ്യുന്നത് മിന അൽ ഫഹൽ ടെർമിനലൂടെയാണ് .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## TRUMP IRAN NEGOTIATIONS

പശ്ചിമേഷ്യൻ സംഘർഷവുമായി ബന്ധപ്പെട്ട്, ഇറാനുമായി ഇപ്പോഴും ചർച്ചകൾ തുടരുകയാണെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് . ഇറാൻ ആണവായുധം സംഭരിക്കുന്നത് ഒരു കാരണവശാലും അനുവദിക്കില്ലെന്നും വൈറ്റ് ഹൗസ് വ്യക്തമാക്കി . ഇറാൻറെ ആണവ പദ്ധതി, പ്രാദേശിക സുരക്ഷ എന്നിവ സംബന്ധിച്ച് ദീർഘകാല കരാറിലെത്താനുള്ള നയതന്ത്ര ശ്രമങ്ങൾക്കിടയിലാണ് ട്രംപിന്റെ പരാമർശം .

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PUTIN- INDIA

ഇന്ത്യ- റഷ്യ നയതന്ത്ര പങ്കാളിത്തം സുദൃഢമാണെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ. റഷ്യയുമായുള്ള സഹകരണം കുറയ്ക്കാൻ ഇന്ത്യയെ നിർബന്ധിക്കുന്ന പാശ്ചാത്യരാജ്യങ്ങളുടെ ശ്രമങ്ങൾ നിരർത്ഥകമാണെന്ന് പുടിൻ അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെയും സ്വതന്ത്ര വിദേശനയത്തെയും അദ്ദേഹം പ്രശംസിച്ചു. അമേരിക്കയുമായുള്ള ഇന്ത്യയുടെ നയതന്ത്ര ഇടപെടൽ, റഷ്യയുമായുള്ള ബന്ധത്തെ ദുർബലപ്പെടുത്തുന്നില്ലെന്നും റഷ്യൻ പ്രസിഡൻറ് വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## FLEX FUEL

ഇന്ത്യയിലെ ആദ്യത്തെ ഫ്ലെക്സ് -ഫ്യുവൽ യാത്രാ വാഹനം പുറത്തിറക്കി വാഹന നിർമ്മാതാക്കളായ മാരുതി സുസുക്കി. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരിയും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രി നിതിൻ ഗഡ്കരിയും ചേർന്നാണ് വാഹനം പുറത്തിറക്കിയത്. സാധാരണ വാഹനങ്ങളിൽ നിന്ന് വ്യത്യസ്തമായി, പെട്രോളിലും എഥനോളിലും ഒരേപോലെ പ്രവർത്തിക്കാൻ കഴിയുന്ന എഞ്ചിനുകളാണ് ഫ്ലെക്സ്-ഫ്യുവൽ വാഹനങ്ങളിലുള്ളത്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PREZ - PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. ഈ മാസം 23 ന് നടക്കുന്ന രണ്ടാമത് സിവിൽ ഇൻവെസ്റ്റിച്ചർ ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖
❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖